**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1275** **07-02-2023 - ൽ മറുപടിയ്ക്ക്**

**മുനമ്പം അഴീക്കോട് പാലം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ള മുനമ്പം അഴീക്കോട് പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | അഴിക്കോട് മുനമ്പം പാലത്തിന് കിഫ്ബിയിൽ നിന്നും 154.626 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാകുകയും തുടർന്ന് 16/12/2021-ൽ 143.15 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകുകയും ചെയ്തു. ഈ പ്രവൃത്തി റീ ടെൻഡർ ചെയ്തു. കുറഞ്ഞ തുക സമർപ്പിച്ച കരാറുകാരനോട് തുക വീണ്ടും കുറവ് ചെയ്യുന്നതിന് ആവശ്യപ്പെട്ടു. എന്നാൽ കരാറുകാരൻ തുക കുറയ്ക്കാൻ തയ്യാറായില്ല. തുടർന്ന് പ്രസ്തുത പ്രവർത്തി റീ-ടെണ്ടർ ചെയ്യുന്നതിന് 06/02/2023-ൽ എസ്.പി.വി.യായ പ്രോജക്ട് ഡയറക്ടർ, പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് - ന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തി എത്ര തവണ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും എന്നൊക്കെയായിരുന്നു ടെണ്ടർ ചെയ്തതെന്നും ക്വാട്ട് ചെയ്ത റേറ്റുകൾ എത്രയാണെന്നും വിശദമാക്കാമോ; | (ബി) | പ്രവൃത്തി രണ്ട് തവണയാണ് ടെൻഡർ ചെയ്തത്<br><br><u>ഒന്നാമത്തെ ടെൻഡർ</u><br><br>തീയതി - 24/12/2021<br><br>ക്വോട്ട് ചെയ്ത തുക – Rs.158,47,78,934.40/-<br><br>അംഗീകരിച്ച എസ്റ്റിമേറ്റിനേക്കാൾ 24% അധികരിച്ച<br><br><u>രണ്ടാമത്തെ ടെൻഡർ</u><br><br>തീയതി - 19/07/2022<br><br>ക്വോട്ട് ചെയ്ത തുക – 143,64,26,354.68/-<br><br>അംഗീകരിച്ച എസ്റ്റിമേറ്റിനേക്കാൾ 12.39% അധികരിച്ചു. |
| (സി) | ടെണ്ടർ സംബന്ധിച്ചും ടെണ്ടറിന് അംഗീകാരം നൽകുന്നത് സംബന്ധിച്ചും കേസുകൾ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ടോയെന്നും പ്രസ്തുത കേസുകളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | (സി) | ടെണ്ടർ സംബന്ധിച്ച് ശ്രീ.മുഹമ്മദ് ഉണ്ണി ബഹു.ഹൈക്കോടതി മുമ്പാകെ WP(C)No.27137/22 – നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. ഹൈക്കോടതി അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| | | | കേസിലെ അന്തിമവിധിക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കുന്നതാണ് |

സെക്ഷൻ ഓഫീസർ